കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷനറുടെ പെൻഷൻ പേമെന്റ് ഓർഡറിൽ ഭാര്യയുടെ പേര് നാമനിർദ്ദേശം ചെയ്തിട്ടുണ്ടെങ്കിൽ പെൻഷണർ മരണമടഞ്ഞതിന് തൊട്ടടുത്ത ദിവസം മുതൽ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും. നാമനിർദ്ദേശം ചെയ്തിട്ടില്ലായെങ്കിൽ പെൻഷനായുള്ള അവകാശവാദം തെളിയിക്കുന്ന എല്ലാ രേഖകളും സഹിതം സാധുതയുള്ള അപേക്ഷ സമർപ്പിക്കുന്ന തീയതി മുതലായിരിക്കും പെൻഷൻ ലഭിക്കുന്നതിനുള്ള അർഹത.

(ബി&സി) നിലവിലെ നിയമമനുസരിച്ച് നാമനിർദ്ദേശം ചെയ്തിട്ടില്ലായെങ്കിൽ പെൻഷന് വേണ്ട അവകാശവാദം തെളിയിക്കുന്ന എല്ലാ രേഖകളും സഹിതം സാധുതയുള്ള അപേക്ഷ സമർപ്പിക്കുന്ന തീയതി മുതൽ മാത്രമാണ് തുടർപെൻഷൻ അനുവദിക്കുന്നത്. ഇതിന് മുൻകാല പ്രാബല്യം ലഭിക്കില്ല.

ജനസമ്പർക്ക പരിപാടികൾ വഴി ലഭിച്ച അപേക്ഷകൾ

18 (1721) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ ജനസമ്പർക്ക പരിപാടികൾവഴി ലഭിച്ച അപേക്ഷകളിലൂടെ എത്ര ഫയലുകൾ ഉത്ഭവിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇവയിൽ ഇതിനകം എത്ര ഫയലുകളിൽ തീർപ്പ് കൽപ്പിച്ചെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ആകെ 1247792 ഫയലുകൾ ഉണ്ടവിച്ചിട്ടുണ്ട്.

(ബി) 980912 ഫയലുകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

മന്ത്രിമാരുടെ വിമാന യാത്രാ ചെലവ്

19 (1722) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ഈ മന്ത്രിസഭയിലെ അംഗങ്ങൾ നടത്തിയ വിദേശ വിമാനയാത്രകൾ എത്രയാണ് ;

(ബി) ഓരോരുത്തർക്കും ചെലവായ സംഖ്യ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) ഇന്ത്യയ്ക്കകത്ത് വിമാന യാത്ര നടത്തിയതിന് മുഖ്യമന്ത്രിയും മന്ത്രിമാരും ചെലവഴിച്ച സംഖ്യ എത്രയാണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly